LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യസുരക്ഷാ നിയമം-പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

216(3139) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പ്രയോറിറ്റി കാർഡുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) ഭക്ഷ്യസുരക്ഷാ നിയമം എന്നുമുതൽ നടപ്പാക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിന് മുന്നോടിയായി ബി.പി.എൽ., എ.പി.എൽ എന്നിവയുടെ കൃത്യമായ കണക്ക് കേന്ദ്രഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് നൽകിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഇതനുസരിച്ചുള്ള പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 14-1-2011-ലെ സ.ഉ.(കൈ)നമ്പർ.16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം നിലവിലെ കാർഡുടമകൾക്ക് റേഷൻകടകൾവഴി നൽകി, പൂരിപ്പിച്ച അപേക്ഷകൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുന്നതിനൊപ്പം തിരികെ വാങ്ങി, ഡാറ്റാ എൻട്രി നടത്തി 14-1-2011-ലെ സ.ഉ.(കൈ)നമ്പർ.16/11/ത.സ്വ.ഭ.വ. പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച്, പരിഹരിച്ച് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്നതാണ്.

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസം വരെ സമയം കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറത്തിന്റെ അച്ചടി പൂർത്തിയാക്കി വിവിധ ജില്ലകളിൽ എത്തിച്ചു കൊണ്ടിരിക്കുന്നു. 1-1-2015 മുതൽ റേഷൻ കടകളിലൂടെ ഫാറം വിതരണം ആരംഭിക്കുന്നതാണ്.

റേഷൻ കാർഡിലെ ബി.പി.എൽ./എ.പി.എൽ. പിശക്

217(3140) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങളുടെ റേഷൻകാർഡിൽ എ.പി.എൽ. എന്ന് പിശക് സംഭവിച്ചിട്ടുള്ളത് തിരുത്തി ലഭ്യമാക്കുന്നതിനായി തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിലവിൽ ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ആയതുമായി ബന്ധപ്പെട്ടിറങ്ങിയ പ്രാബല്യത്തിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കുമോ ;

(ഡി) ഒന്നിലധികം വകുപ്പുകളുടെ നടപടിക്രമങ്ങൾ ഈ വിഷയത്തിൽ ആവശ്യത്തിനായി വരുന്നതിനാൽ നിലവിൽ അപേക്ഷാ തീർപ്പിന് കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരത്തിലുള്ള കാലവിളംബംമൂലം പാവപ്പെട്ട അപേക്ഷകർക്ക് ചികിത്സാ ആനുകൂല്യങ്ങളടക്കമുള്ളവ നിഷേധിക്കപ്പെട്ടുവരുന്ന സാഹചര്യം സൃഷ്ടിക്കുന്നതാകയാൽ സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിന് അനുബന്ധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly